KERALA SCHOOL KALOLSAVAM 2016-17

KANNUR - 2017 JANUARY 16-22

Code No. 203

KERALA SCHOOL KALOLSAVAM PROGRAMME COMMITTEE

## വിളികൾ

മാറിൽ കരസ്പർശവാദ്യം മുഴക്കി,
മെല്ലെ ഞാൻ കുഞ്ഞുദിനമൊഴിച്ച്,
ക്രൂരകാരാഗൃഹശ്യാമതയിൽ മുങ്ങി,
തേങ്ങിടുന്നോയ് നീ ഭൂമിമാതാ!

നിശ്ശബ്ദസാഗരവീഥിയിലിന്നാൻ
ഞങ്ങൾ നിന്നെത്തേടിടവേ,
നീ പൊട്ടിക്കരഞ്ഞാർത്തലച്ചു,
നിൻ കണ്ഠമെങ്ങുമിടറിടുന്നു.

കേട്ടു ഞാൻ ജീവിതവീഥിയിലും,
കാറ്റായ് അണഞ്ഞൊരു ശബ്ദവീചി
വൈഡൂര്യ കാഞ്ചനക്കൂട്ടിലകപ്പെട്ട
വ്യഥിത വിഹഗത്തിൻ ശോകഗാനം...

ആ ഗാനമാധുര്യത്തിനീരടികളിൽ,
ആത്മാവിൽ നിന്നൊരു രോദനം,
രക്ഷ യാചിച്ച് ഇരു കൈത്തണ്ടകൾ,
മോക്ഷ ലബ്ധിക്കായ് വിതുമ്പീടവേ..!

നീ പണിച്ചീടതിരിച്ചാനണിഞ്ഞോരു
പുഷ്പചക്രവും കരിയ്ക്കവേ,
പൈതലായ് നിൻ മടിത്തട്ടിലുള്ളോർ
മൂല്യങ്ങളൊന്നു നൽകി മറയേ

കേൾപ്പതാരു നിൻ അഭ്യർത്ഥന,
കാണുവതാരു നിന്നശ്രുകണം,
ഏകിലെൻ ഹൃത്തലിഞ്ഞിത്തിരി
കണ്ണീർസുമത്താൽ നിനക്കു പൂജ.

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

നിൻ പൊൻമേനി കുത്തിക്കീറവേ,
നൊമ്പരക്കണ്ണീർ പൊഴിച്ചില്ല നീ
ഉള്ളം പുകഞ്ഞു നീറിടുന്നവേ,
ഉറപ്പിലെൻ പർവ്വതമെന്നിരുന്നു നീ.

നിൻകണ്ണുനീർ വേലിയേറ്റങ്ങൾ
വൻതിരനാദ പ്രതിധ്വനികൾ
ശോണി നീ പൊട്ടിച്ചിരിക്കിലലയവേ,
പാതത്താൽ ലോകം ചുഴറ്റിടുന്നു.

തേമരത്തുള്ളികൾ കാലങ്ങളെന്റ -
സാരഥിതൻ മൃദുസ്പന്ദനങ്ങൾ
ഭൂമിക്കളിത്തൊട്ടിലിൽ മധുര-
ലാവണ്യമെന്തോ വിസ്മരിച്ചു.

എങ്ങുമറഞ്ഞു നിൻ സ്നേഹമന്ത്രം,
ജീവജാലങ്ങൾതന്നുടെ ജീവാമൃതം.
നിന്നുൾത്താപകോപാഗ്നിയാലെന്നും,
ബാഷ്പമായി ശൂന്യത്തിൽ പോയൊളി-ച്ചോ?

എങ്കിലോ വസുധേ സ്നേഹരൂപി നിൻ,
നിലവിളിയെൻ കാതിൽ കുരുന്നുകൾ,
കണ്ണിലെൻ മാനസംജ്ഞാനവെ പൂന്തി,
കൊതിയടക്കിയെൻ ഹൃദയവാതിൽ.

ഞെട്ടിപ്പിടപ്പോടെയ് ഞാനോ,
ഭൂവിൽ പലവഴിയോടിനടക്കവേ,
എൻ പാദസ്പർശം, നോവുകളൊന്നു
പുഞ്ചിരി തൂകിയോൾ നീ തന്നെയും.

അന്നു നിൻ ശബ്ദങ്ങളെന്നോടോതി,
"പൊന്നിൻ മണിയെ നടന്നിടുക,
മാമക പ്രേമശബ്ദങ്ങളല്ലോ നിൻ
താങ്ങും തണലും സർവ്വദാ" എന്നും.

ഇന്നു ഞാനല്ല നിന്നൾക്കാവി-ലെ
ദുഃഖമലിഞ്ഞ നിലവിളികൾ
വിങ്ങൽ കാറുകൾ ചിന്നിത്തങ്ങും,
കണ്ണീരൊഴുക്കും ഉടയാളുകൾ.

—

Scanned by CamScanner